# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.288

## (2016 സെപ്റ്റംബർ 27-ലെ മറുപടിക്ക്)

### റബ്ബർ ഇറക്കുമതി

| ചോദ്യം<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി | ഉത്തരം<br>ഡോ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) മലേഷ്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾക്ക് ഇന്ത്യയിലേക്ക് യഥേഷ്ടം റബ്ബർ ഇറക്കുമതി അനുവദിച്ച്, അടുത്തിടെ കേന്ദ്രസർക്കാർ പുറത്തിറക്കിയ 40/2016 ഉത്തരവ് സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് ഏതെല്ലാം വിധത്തിലുള്ള പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | ഇന്ത്യ–മലേഷ്യ കോമ്പ്രിഹെൻസീവ് ഇക്കണോമിക് കോ–ഓർഡിനേഷൻ എഗ്രിമെന്റുമായി ബന്ധപ്പെട്ട് കേന്ദ്ര ധന മന്ത്രാലയത്തിനു കീഴിലുള്ള റവന്യൂ ഡിപ്പാർട്ട്മെന്റ് ഇറക്കിയ 40/2016–കസ്റ്റംസ് നോട്ടിഫിക്കേഷൻ റബ്ബർ കർഷകരെ എങ്ങനെയെല്ലാം ബാധിക്കുന്നു എന്നതിനെ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടന്നതായി അറിവില്ല. 2009 ആഗസ്റ്റ് 13–ന് ഇന്ത്യയും ആസിയാൻ രാജ്യങ്ങളുമായി ട്രേഡ് ഇൻ ഗുഡ്സ് എഗ്രിമെന്റ് പ്രകാരം തുടർന്നുള്ള വർഷങ്ങളിൽ മലേഷ്യ അടക്കമുള്ള ആസിയാൻ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്കുള്ള സ്വാഭാവിക റബ്ബറിന്റെയും ഉൽപ്പന്നങ്ങളുടേയും ഇറക്കുമതി തീരുവകൾ ഗണ്യമായി വെട്ടിക്കുറയ്ക്കുകയുണ്ടായി. ഇത് ഇന്ത്യയിലേക്കുള്ള ഇറക്കുമതി വർദ്ധിപ്പിച്ചതായും വിലയിടിവിനു കാരണമായതായും വിവിധ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇന്ത്യ–മലേഷ്യ ഉഭയകക്ഷി കരാർ (bilateral) ഇരു രാജ്യങ്ങളിലേയും തീരുവകൾ വീണ്ടും വെട്ടിക്കുറയ്ക്കാൻ ഇരു രാജ്യങ്ങളേയും ബാധ്യസ്ഥമാക്കും. |
| ബി) എങ്കിൽ ഇതിന് പരിഹാരമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | നിലവിൽ കർഷകർ നേരിടുന്ന റബ്ബർ വിലയിടിവിനു പരിഹാരമായി 3.7.2015– |

| | |
|---|---|
| വിശദവിവരം ലഭ്യമാക്കുമോ; | ലെ സർക്കാർ ഉത്തരവ് സ.ഉ (പി) നം.269/2015/ഫിൻ പ്രകാരം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയാണ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. റബ്ബർ ബോർഡും സർക്കാർ ധനകാര്യ വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും, റബ്ബർ ബോർഡ് കിലോയ്ക്ക് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നു. പദ്ധതിക്കായി സർക്കാർ അനുവദിച്ച് ഉത്തരവാകുന്ന തുക മാറി ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് കൃഷി ഡയറക്ടർ നിക്ഷേപിക്കുന്നു. പ്രസ്തുത അക്കൗണ്ടിൽ നിന്നും സബ്സിഡി വിതരണത്തിന് അനുമതി നൽകിക്കൊണ്ട് ധനകാര്യ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയും റബ്ബർ കർഷകർക്ക് അർഹമായ സബ്സിഡി തുക അതാതു അക്കൗണ്ടുകളിലേക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന വിതരണം നടത്തി വരുകയും ചെയ്യുന്നു. 2015-16-ൽ പദ്ധതിക്കായി അനുവദിച്ച 300 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 2016-17-ൽ പദ്ധതിക്കായി അനുവദിച്ച 500 കോടി രൂപയും വിതരണം നടത്തിവരുന്നു. |
| സി) സ്വീകരിച്ച പരിഹാര നടപടികൾ സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് ആശ്വാസകരമാകുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ? | റബ്ബർ വിലയിടിവിനു പരിഹാരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി കർഷകർക്ക് ഏറെ ആശ്വാസകരമാണ്. |

സെക്ഷൻ ഓഫീസർ